(ഡി) പത്തു വർഷത്തിലേറെ സർവ്വീസുണ്ട് എന്ന കാരണത്താൽ സർവ്വീസിൽ സ്ഥിരപ്പെടുത്താൻ കഴിയുകയില്ല. 25-4-1995 മുതൽ പ്രാബല്യത്തോടെ ഈ സംഘത്തിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടുള്ളതാണ്. അതിന് മുൻപേ ദിവസ വേതനാടിസ്ഥാനത്തിൽ വന്നവരെ സ്ഥിരപ്പെടുത്തുന്ന കാര്യം മാത്രമേ പരിഗണിക്കാൻ കഴിയുമായിരുന്നുള്ളു. ചോദ്യം (ബി) യുടെ ഉത്തരത്തിൽ പറയുന്ന ഒൻപതു പേരും 25-4-1995-ന് ശേഷം ജോലിക്ക് വന്നവരാണ്. അതിനാൽ ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം തീരുമാനിക്കാൻ കഴിയുകയില്ല. മാത്രമല്ല 10 ക്ലാർക്കുമാരുടേയും 50 സെയിൽസ്മാൻ/സെയിൽസ് വുമൺമാരുടേയും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഖാദി ബോർഡ് നൽകിയ ലോണുകൾ

206 (5096) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഖാദി ബോർഡ് വിവിധ ലോണുകൾ നൽകിയതിൽ 2010 മാർച്ച് 31 വരെയുള്ള ആകെ കുടിശ്ശിക എത്ര തുകയാണ് ;

(ബി) 2006-നുശേഷം കോഴിക്കോട് ജില്ലയിൽ 15 ലക്ഷത്തിൽ കൂടുതൽ ലോൺ എത്ര പേർക്ക് നൽകിയെന്നും അവരുടെ പേരുവിവരങ്ങളും നൽകാമോ ;

(സി) കോഴിക്കോട് കേരള സോപ്സ് ഇൻഡസ്ട്രീസ് ഫെഡറേഷൻ എന്ന സ്ഥാപനത്തിന് എത്ര ലക്ഷം രൂപ ലോണായി നൽകിയെന്ന് അറിയിക്കാമോ ;

(ഡി) ലോൺ എന്നുമുതൽക്കെന്നും തിരിച്ചടവ് കൃത്യമാണോയെന്നും അറിയിക്കാമോ ;

(ഇ) പ്രസ്തുത ലോൺ ഇപ്പോൾ കുടിശ്ശികയാണെങ്കിൽ പിഴപ്പലിശയുൾപ്പെടെ തിരിച്ചടവ് എത്ര തുകയെന്ന് അറിയിക്കുമോ ;

(എഫ്) ഈ വ്യവസായ സ്ഥാപനത്തിന്റെ ഡയറക്ടർ ബോർഡ് അംഗങ്ങൾ ആരെല്ലാമെന്ന് അറിയിക്കുമോ ;

(ജി) പ്രസ്തുത ലോൺ എഴുതിത്തള്ളാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-3-2010 വരെ ലോണുകൾ നൽകിയതിൽ പാറ്റേൺ പദ്ധതി പ്രകാരം 1338.65 ലക്ഷം രൂപയും സി.ബി.സി. പദ്ധതി പ്രകാരം 3640.90 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 4979.55 ലക്ഷം രൂപ കുടിശ്ശികയുണ്ട്.

(ബി) ബോർഡ് വായ്പയൊന്നും നൽകിയിട്ടില്ല. എന്നാൽ ആർ.ഇ.ജി.പി. പദ്ധതി പ്രകാരവും പി.എം.ഇ.ജി.പി. പദ്ധതി പ്രകാരവും വിവിധ ബാങ്കുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും വായ്പയെടുക്കുന്ന ഗുണഭോക്താക്കൾക്ക് നിയമാനുസൃത മാർജിൻമണി സബ്സിഡി ഖാദി ബോർഡ് അനുവദിച്ചിട്ടുണ്ട്. പേര് വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പേര്	പ്രോജക്ട് തുക (രൂപയിൽ)
1	ടി. നാസർ, മുക്കം	24,74,000
2	എൻ. എം. ഷബീർ, ഉണ്ണിക്കുളം	22,90,000
3	ജി. മാത്യു കോഴിക്കോട്	15,00,000
4	ശരത് എൻ. ചേമൻചേരി	18,78,000
5	പി. എം. അഷറഫ് കുന്ദമംഗലം	22,00,000
6	എൽ. പി. അബ്ബാസ്, കോഴിക്കോട്	25,00,000
7	വി. പി. അബുലൈസ്, വെസ്റ്റ് നടക്കാവ്	15,00,000

(സി) 7.50 ലക്ഷം രൂപ വായ്പയും 28.85 ലക്ഷം രൂപ പലിശരഹിത വായ്പയും നൽകിയിട്ടുണ്ട്.

(ഡി) 1988-89 മുതൽ തിരിച്ചടവ് കൃത്യമല്ല.

(ഇ) തിരിച്ചടവില്ല.

(എഫ്) ശ്രീമതി ടി. ദേവി
" വി. പി. ജാനകി
" പി. കെ. ശ്രീമതി
" എം. എം. പത്മാവതി
" സി. വിജയലക്ഷ്മി
" പി. സൗദാമിനി
" എൻ. കെ. രാധ.

(ജി) ഇക്കാര്യം ബോർഡ് സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടില്ല.

പെർമനന്റ് ലോക് അദാലത്തിന്റെ പ്രവർത്തനം

207 (5097) ശ്രീ. വി. എൻ. വാസവൻ :
ശ്രീ. സാജുപോൾ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെർമനെന്റ് ലോക് അദാലത്തിന്റെ പ്രവർത്തനം സംബന്ധിച്ച് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly